# കൈത്തിരി

## ഡിജിറ്റൽ മാഗസിൻ



**ഗവ ഗേൾസ് ഹൈസ്കൂൾ മാവേലിക്കര**

**LITTLE KITES അവതരണം**




"ലിറ്റിൽ കൈറ്റ് കുട്ടികൾ ഒരുക്കുന്ന കൈത്തിരി എന്ന ഡിജിറ്റൽ മാഗസിന് എല്ലാ ഭാവുകങ്ങളും നേരുന്നു"

പ്രിയരേ,

ഋതു ഭേദങ്ങളുടെ ആവർത്തനം പോലെയാണ് ഇവിടേക്ക് വന്നു

പോയ്ക്കൊണ്ടിരിക്കുന്ന ഓരോ ബാച്ച് വിദ്യാർത്ഥികളും    നിരവധി

സുന്ദര സ്വപ്നങ്ങളുമായി

ഇവിടേക്ക് പടികയറുന്നവരും ഓർമ്മകൾ ബാക്കിയാക്കി

പടിയിറങ്ങുന്നവരും....


സ്ക്കൂൾ ജീവിതത്തേയും സമകാലിക സംഭവങ്ങളും

കോർത്തിണക്കി ഒരോരുത്തരുടേയും തൂലികത്തുമ്പിലൂടെ ഉതിർന്നു

വീണ രചനകളാക്കുന്ന  "കൈത്തിരി" കൾ ഒത്തു ചേർത്ത് ജ്വലിക്കുന്ന

ഒരു ദീപമായി തന്നെ ഈ മാഗസിൻ തെളിഞ്ഞ് നിൽക്കട്ടെ.....

ദേവനന്ദ
9 C



# വൃത്തം

വൃത്തം കണ്ടോ വ്യാസം കണ്ടോ
വ്യാസ ത്തിന്റെ അറ്റം കണ്ടോ വ്യാസത്തിന്റെ അറ്റങ്ങൾ
വൃത്തവുമായി യോജിപ്പിച്ചാൽ
നമുക്ക് കിട്ടും മട്ടകോണ്
അതിന്റെ അളവ് 90 ഡിഗ്രി
വൃത്തത്തിനകത്തെ ബിന്ദുവുമായി
വ്യാസത്തിന്റെ അറ്റങ്ങൾ
ചേർത്തെന്നാകിൽ
കിട്ടും കോണ് വലുതാണല്ലോ തൊണ്ണൂറേക്കാൾ
ഇനിയും പറയൂ ചേർക്കും ബിന്ദു വൃത്തത്തിന്റെ പുറത്തായാലോ
തൊണ്ണൂറേക്കാൾ ചെറിയ കോണ് സംശയമില്ല ഒട്ടുംതന്നെ

Derny Oommen
H S T (Maths)

## കവിത

### കാർമുകിൽ

മഴയെത്തും മുൻപൊരു മൗനമായ് നീ വന്നു
എന്തിനോ വേണ്ടിയൊരുങ്ങി നിൽക്കും മനസ്സുപോലെ
എഴുതുവാൻ വിതുമ്പുന്ന കവിത പോലെ
പൊഴിയുവാൻ നിൽക്കുന്ന കാർമേഘമായ് നീയും
പിന്നെയും ഘോരമായ് മൂടുമീ വിണ്ണിനെ പോലെ
അംഗം പൊട്ടും ശബ്ദത്തോടെ ഇരച്ചു വരുന്നൊരീ നീരും
പുഴകളും തോടും നിറയ്ക്കും പോലെ
മനസ്സിനെയും കുളിർ കൊണ്ടു നിറയ്ക്കുന്നു നീ

നന്ദന സതീഷ്
8 C

# എന്റെ വിദ്യാലയം എന്റെ അഭിമാനം

ഒരു മനുഷ്യന്റെ ജീവിതത്തിലെ സുവർണ്ണ കാലഘട്ടമായ ബാല്യം കൗമാരം എന്നതിൽ ഭൂരിഭാഗവും ചിലവഴിക്കുന്നത് സ്കൂളിലാണ്. അറിവ് നേടുക എന്നതിലുപരി നല്ല ഓർമ്മകൾ സൃഷ്ടിക്കാനും, സമൂഹത്തിൽ എങ്ങനെ പെരുമാറണം എന്നെല്ലാം പഠിപ്പിക്കുന്നിടമാണ് വിദ്യാലയങ്ങൾ. ഇണക്കങ്ങളും, പിണക്കങ്ങളും, സ്നേഹവും, സന്തോഷവും, ദുഃഖങ്ങളുമെല്ലാം നിറഞ്ഞ, ഓർമ്മകൾ കൊണ്ട് സമ്പന്നമായ കഥകൾ കാണും ഏതൊരുവനും പറയാൻ. അത്രമാത്രം സ്വാധീനമാണ് സ്കൂളുകൾ അല്ലെങ്കിൽ വിദ്യാഭ്യാസ കാലഘട്ടം ഒരു കുട്ടിയിലുണ്ടാക്കുന്നത്.
എന്റെ സ്കൂൾ /വിദ്യാലയം എന്ന് ഓർക്കുമ്പോൾ പലരുടെയും മനസിലേക്കും ഓടിവരുന്നത് പല അനുഭവങ്ങളാണ്.

മാവേലിക്കരയുടെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന വിദ്യാലയമുത്തശ്ശിയായ A R  രാജരാജവർമ മെമ്മോറിയൽ Govt girls higher secondary school ൽ പഠിച്ചവർക്ക് പൂത്ത് നിൽക്കുന്ന വാകയും, ചെമ്പകവും പിന്നെ മധുരമേറിയ ഓർമകളുമാണ് മനസിലേക്ക് വരുന്നത് . ഭൗതികമായ മാറ്റങ്ങളും പുതുമയും ഉണ്ടെങ്കിലും ഇപ്പോഴും വർഷങ്ങൾക്ക് മുൻപുള്ള സാംസ്കാരങ്ങൾ ചോർന്ന് പോകാതെ കാത്ത് സൂക്ഷിക്കുന്ന ഒരു സാംസ്കാരിക കേന്ദ്രമാണെന്ന് തന്നെ പറയാം.കാലം തെറ്റാതെ പൂത്ത് മനോഹരിയായ വാകയും, വേനൽ ചൂട് ഏറ്റ് ക്ഷീണിച്ച്, പുതു മഴയേറ്റ് തളിർത്ത് നിലക്കുന്ന മരങ്ങളും വിരിഞ്ഞുനിൽക്കുന്ന പൂക്കളുമാണ് Girls- ലേക്ക് വരുന്ന ഓരോ പുത്തൻ കുരുന്നുകളെയും വരവേൽക്കുന്നത്.കലയിലായാലും കായികത്തിലായാലും ഓരോ കുട്ടിയുടേയും ഇഷ്ടം മനസിലാക്കി അതിനനുസരിച്ച് പ്രവർത്തിക്കുകയും എല്ലാ കാര്യത്തിനും പ്രചോദനമായി കൂടെ നിൽക്കുകയും ചെയ്യുന്ന അധ്യാപകരുമാണ് മറ്റ് സ്കൂളിൽ നിന്നും ഞങ്ങളുടെ സ്കൂളിനെ വ്യത്യസ്തമാക്കുന്നത്. കലയിലായാലും, കായികത്തിലായാലും അങ്ങനെ ഏത് വിഭാഗത്തിലായാലും വിജയത്തിൽ മുൻ നിരയിൽ എന്നും നിലനിൽക്കുന്ന, മാവേലിക്കരയുടെ പേര് വാനോളം ഉയർത്തുന്ന, മാവേലിക്കരയുടെ മണ്ണിൽ യശസ്  ഉയർത്തി നിൽക്കുന്ന പെൺപള്ളികൂടത്തിൽ പഠിക്കാൻ സാധിച്ചത് എന്റെ ഭാഗ്യമാണെന്ന് പറയുവാൻ ഞങ്ങളുടെ സ്കൂളിൽ പഠിക്കുന്ന ഓരോ വിദ്യാർത്ഥിക്കും  യാതൊരു സംശയവുമില്ലാതെ പറയാൻ സാധിക്കും...

ശിശിര എം എസ്
10 B




# STORY OF MAGIC GARDEN

This story is about a girl who found the key to the forbidden mansion . Let's see what will happen

Vismaya 8 A


A small girl with golden blond hair and emerald green eyes was walking through the garden of the forbidden mansion. Her name was Lia. It was weekend so everyone were out with their parents. Just her parents were working day and night. Even though they bought her everything she asked them ,they don't spent a minute with her. Suddenly she stumbled upon a big key which was almost as big as her head. She remembered her grandmother telling her the story about how the owner of the mansion and all his workers went missing along with everyone who went inside to see what happened because of which the head of the police buried the key of the mansion and it became forbidden for everyone. She thought to herself "the rain must have washed away the soil because of which the key is now visible to everyone" thinking this she went and tried to open the huge door to the mansion. The key and the key hole both where rusted because of not being used for a long period of time, so she had to struggle a lot to turn the key. After a lot of struggle the door finally opened making a weird creaking sound. At first she was scared to go inside but after some time she took up the courage to go inside the mansion and took a tour. After some time of wandering she thought about going back home. Suddenly the door to the mansion closed. She was scared and started banging on the door making the key fell off. She knew nobody could save her because they are outside with their family enjoying their weekends. Sitting beside the door she started talking to herself"Why did I even come in here . Me and my stupid curiosity". In the dark room a small ray of light struck her. She was shocked and looked around. It came from under a door . She thought to herself"that must be the backdoor .So I can escape this



misery."She happily opened the door and what she saw next was shocking.

She happily opened the door and what she saw next was shocking. It was a beautiful garden with beautiful flowers which were bigger than her. Some white Pegasus which was feeding on the grass with some tiny fairies flying around. After some time of being shocked one of the fairies noticed her and was surprised. She went up to Lia and asked her "what is a little human girl like you doing here in the land of dreams"to which Lia was too stunned to answer. Land dreams is where dream fairies and tooth fairies come from along with mythical creatures like Pegasus, unicorn etc. into the dreams of children. In a blink of a eye she was presented in front of the queen of the land of dreams were she had to say everything truthfully because they can smell

lie.After finding out that she was telling the truth theyapologized for theirinconvenience but when she asked them if she could leave they told her she cannotleave because she knowsabout them. She started arguing with them when one of them told her about how they had to take every one in the mansion into the land of dreams. The queen got angry and sent her into a room where she was going to stay from that day on. That evening the fairy who saw her first came to talk with her and explained about how she made a small mistake in a spell connecting the land of dreams to the land of humans and that how the owner of the mansion found out about it causing them to be trapped in the land of dreams . She was shocked and asked the fairy to show the spell which she was actually trying to do to which the fairy happily agreed on doing. Unfortunatelythe spell messed up again causing the land of dreams connectsto the land of nightmares. Land of nightmares is where nightmare monsters come into the dreams of children to give them nightmares. All the fairiesgot ready to fight the monsters but the monsters aimed for Lia who was a mare human. But her strong will power helped her to escape their nightmare giving the fairy queen to use her power and seal the land of nightmares forever. The queen was happy with her andallowedher to go back home by granting her one wish. After thinking for a while she finally wished for her parents to spent time with. The queen happily agreed and all of a sudden a bright light came out of her hand. Lia closed her eyes and when she opened her eyes she saw her parents crying beside her. They hugged her and told her that they found her unconsciousby the mansion. They promised her to spend more time with her. Shethanked the fairieswho were watching her from the land of dreams.



# കവിത

## <u>പൂന്തേൻ</u>


പൈതങ്ങളാമൊരു   പൂമൊട്ടുകൾ
വിരിയാൻ തുടങ്ങീതു മെല്ലെ മെല്ലെ
നോക്കുവിൻ നോക്കുവിൻ ഈ വേളയിൽ കുഞ്ഞു
പൂക്കൾ തൻ സന്തോഷം പൂവിടുന്നു
മൃദുലമാംഇതളിന്റെ
ഭംഗിയിൽ വീണുപോയി ഷഡ്പദങ്ങൾ
ജീവജാലങ്ങളും സൗന്ദര്യമാർന്നൊരു  പൂക്കളെ
കണ്ടുടൻ ഭൂമി ദേവി
തൊഴുകൈകളുമായി
ആദിത്യ ദേവന്റെ ചൂടേറ്റു മണ്ണിൽ വിനീതയായി
പൂക്കൾ തളിർത്ത നേരം
മണ്ണിന്റെ മാതൃവാത്സല്യവും ഏറ്റിട്ടും രാജ്ഞിയായി
പൂക്കൾ വിടർന്നിരുന്നു അഴകാർന്ന പൂക്കളെ
കണ്ടുണർന്നു   ജീവജാലങ്ങൾ തന്മനം ധന്യമായി
എങ്ങനെ എങ്ങനെ നിന്നിലെ ശോഭതാൻ
പുഞ്ചിരിയേകി  എന്നുള്ളിലാകെ.

**Anamika Rajeev & Anikha   Rajeev**
**8 B**

# INTERESTING FUN FACTS

*Owls are the only birds who can see the colour blue
*A hummingbird weight less than a penny
*And ostrich's eye is bigger than its brain
*Starfish can regrow it's arm. In fact a single arm can regenerate a whole day
*Dogs are capable of understanding up to 250 words and gestures and have demonstrated the ability to do simple mathematical calculations
*The total weight of all the ants on Earth is greater than total weight of all the humans on the planet
*A mouse can fit through a hole the size of a ballpoint pen
*An octopus has three Herts and the colour of fts
*A jellyfish is 95% water and has been around for more than 150 million years it means that day out date both dinosaur and sharks

_Advaitha Ram  9 C



# Nature

Nature largely refers to our physical world and life in general. The word nature is derived from the Latin word nature and essential refers to things that are in existence or created naturally. Discovers geography and wildlife and various types of living plants  and animals and the environment around us and off done means the natural environment or wild or Ness wild animals rocks forest beaches and those things that have not been substantially altered by human intervention. Elements that constitute nature are the does make life without the existence of nature so impossible

_Advaitha Ram 9 A





## മാവേലിക്കരയുടെ അഭിമാനമായ,എ ആർ രാജരാജവർമ്മയുടെ പേരിൽ അറിയപ്പെടുന്ന പെൺപള്ളിക്കൂടത്തിന്റെ 2023- 24 വർഷത്തെ പ്രവർത്തനങ്ങൾ

### പ്രവേശനോത്സവം

2023 ജൂൺ ഒന്നിന് മുൻസിപ്പൽ തല പ്രവേശനോത്സവം സ്കൂളിൽ വെച്ച് നടത്തപ്പെട്ടു പിടിഎ പ്രസിഡൻറ് ശ്രീ .സുമേഷ് കെ. എസ് അധ്യക്ഷതയിൽ ചെയർമാൻ ശ്രീ കെ വി ശ്രീകുമാർ ഉദ്ഘാടനം നിർവഹിച്ചുവൈസ് ചെയർപേഴ്സൺ ശ്രീമതി ലളിത രവീന്ദ്രനാഥ് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ശ്രീ.എസ് അജേഷ് മറ്റു മുൻസിപ്പൽ കൗൺസിലർമാർ എന്നിവർ പങ്കെടുത്തു. അറിവിന്റെ ലോകത്തേക്ക് ഉത്സാഹത്തോടെ എത്തിയ വിദ്യാർത്ഥികൾക്ക് മധുരം വിതരണം ചെയ്തു.





.

### ജൂൺ 5 പരിസ്ഥിതി ദിനാചരണം

ജൂൺ 5 പരിസ്ഥിതി ദിനം സമുചിതമായി ആഘോഷിച്ചു. മാവേലിക്കരയുടെ പ്രിയങ്കരനായ എംഎൽഎ ശ്രീ എം എസ് അരുൺകുമാർ വൃക്ഷത്തൈ നട്ട് ഉദ്ഘാടനം ചെയ്തു.






# വായനാ ദിനം




## സ്കൂൾ കലോത്സവം



മാവേലിക്കര GGHSS-ലെസ്കൂൾ കലോത്സവം 30/10/23, 31/10/23തീയതികളിൽ മൂന്നു വേദികളിൽ ആയി നടന്നു ഇത് കുട്ടികളുടെ സർഗവൈഭവം പ്രകടമാക്കാനുള്ള നല്ലൊരു വേദിയായി മാറി വിദ്യാർത്ഥിനികൾ സംസ്ഥാന സ്കൂൾ കലോത്സവത്തിൽ പങ്കെടുക്കുകയും കരസ്ഥമാക്കുകയും ചെയ്തു HSS വിഭാഗത്തിൽ നിന്നും ലക്ഷ്മി എസ് അജയ് , (ശാസ്ത്രീയ സംഗീതം വയലിൻ)അനഘ (നങ്ങ്യാർ കൂത്ത്) നവ്യ കൃഷ്ണ (ചിത്രരചന) എന്നിവയിലാണ് എ ഗ്രേഡ് കരസ്ഥമാക്കി സ്കൂളിൻറെ അഭിമാനമായി മാറിയതസബ് ജില്ലാതലത്തിൽ UP HS വിഭാഗത്തിൽ പങ്കെടുക്കാൻ പറ്റുന്ന അത്രയും ഇനത്തിലും വ്യക്തിഗത ഇനത്തിലും ഗ്രൂപ്പിനത്തിലും കുട്ടികളെ പങ്കെടുപ്പിച്ചു. സബ്ജില്ലയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി എല്ലാ കുട്ടികളെയുംജില്ലാ കലോത്സവത്തിൽ

പങ്കെടുപ്പിക്കാൻ സാധിച്ച HSവിഭാഗത്തിൽ നിന്നും 10A യിലെ ശ്രുതി ബാബു വീണയിൽ എ ഗ്രേഡ് കരസ്ഥമാക്കി കഥാപ്രസംഗത്തിൽ 10B യിലെ ആർദ്ര എസ് 10A യിലെ ശിശിര 10A യിലെ അഭിഗെയിൽ 10B യിലെ രഹന എന്നിവർ അടങ്ങിയ സംഘം എ ഗ്രേഡ് കരസ്ഥമാക്കി ഉറുദു പദ്യം ചൊല്ലലിൽ 8 A പാർവതി എ ഗ്രേഡ് കരസ്ഥമാക്കി കൊണ്ട് GGHSSമാവേലിക്കരയുടെ യശസ്സ് ഉയർത്തി.





## 2022–23 റിസൾട്ട്

മാവേലിക്കര താലൂക്കിലെ വിദ്യാഭ്യാസ മേഖലയിലെ അസൂയ വഹമായ വിജയ തിളക്കമാണ് മാവേലിക്കരയിലെ കുട്ടികൾ നേടിയത് തുടർച്ചയായി മൂന്നാം തവണ HS വിഭാഗത്തിൽ നൂറുമേനി വിജയം നേടിക്കൊണ്ട് നമ്മുടെ സ്കൂളിൻറെ യശസ്സ് വാനോളം ഉയർത്തി.139 കുട്ടികൾ പരീക്ഷയെഴുതിയതിൽ 39 ഫുൾ A+ 16 9 A+ 19 8 A+ അഭിമാനകരമായ വിജയം നേടി അഭിമാനകരമായ വിജയം നേടി.വിഭാഗത്തിൽ 171 കുട്ടികൾ പരീക്ഷയെഴുതിയതിൽ 162 കുട്ടികൾ പാസായി 90% വിജയം കൈവരിച്ച 24 ഫുൾ A+ കൾ നേടിക്കൊണ്ട് 15 പേർ 5 A +കൾ നേടിക്കൊണ്ടും ഉന്നത വിജയം കൈവരിച്ച വിദ്യാർഥിനികൾ സ്കൂളിന് അഭിമാനമായി മാറി



## ശാസ്ത്രമേള/ഗണിതശാസ്ത്രമേള

ഗവ ജിഎച്ച്എസ്എസിലെ മെഡിക്കൽ ആയ വിദ്യാർത്ഥികൾ ശാസ്ത്രമേളയിലും ഗണിതശാസ്ത്രമേളകളിലും സബ്ജില്ല ജില്ലാതല സംസ്ഥാനതലകളിലും തങ്ങളുടെ മികവ് തെളിയിച്ച






















# ചിത്രശാല



വൈഗ ബി എസ്
6A




ദക്ഷ പ്രേംദീപ്
7 B



പാർവതി.വി
8A



തീർത്ഥ.എം
8A



ആഷ്നി മറിയം സന്തോഷ്
9 A

ഹൃദ്യ എച്ച്
9 C





ദക്ഷ പ്രേംദീപ്
7 B



ഏദ്യ എച്ച്
9 C

അനിഘ രാജീവ്
8 B





അനാമിക രാജീവ്
8B

# നമ്മുടെ ആഹ്ലാദങ്ങൾ




വിദ്യാരംഗം ഉപജില്ല സാഹിത്യ സെമിനാർ മത്സരത്തിൽ ദേവിക സതീഷ് ഒന്നാം സ്ഥാനം നേടി മാവേലിക്കര ഉപജില്ലാ വിദ്യാരംഗം സർഗോത്സവത്തിൽ 14 ഇനങ്ങളിലായി 28 കുട്ടികളെ പങ്കെടുപ്പിച്ചു. ദിയ അഷ്റഫ് (അഭിനയം) വേണി എസ് ( കഥാരചന) ഏദ്യ എച്ച് ( ചിത്രരചന) യിലും ഒന്നാം സ്ഥാനം നേടി. ഏദ്യ എച്ച്ന് വിദ്യാരംഗം സംസ്ഥാന സാഹിത്യോത്സവത്തിലേക്ക് സെ ലക്ഷൻ കിട്ടി



ഈ വർഷത്തെ സ്കൂൾ ഉപജില്ല ജില്ലാ സംസ്ഥാനതല മത്സരത്തിൽ കുട്ടികൾ ആവേശത്തോടെ പങ്കെടുത്തു. സംസ്ഥാനതല മത്സരത്തിൽ HSS ൽ നിന്നും ശാരിക പ്രസാദ് പങ്കെടുത്ത HS വിഭാഗത്തിൽ നിന്നും പ ങ്കെടുത്ത



സബ്ജി ല്ലാ സാമൂഹ്യശാസ്ത്രമേളയിൽ യുപി വിഭാഗം സ്റ്റിൽ മോഡൽ മത്സരത്തിൽ ഗോപികാ സതീഷും ശ്രീത ശ്രീകാന്തും ഒന്നാംസ്ഥാനം നേടി പൊതുവിദ്യാഭ്യാസ വകുപ്പ് അഡോളസെൻറ് അവയർനസ് പ്രോഗ്രാമായ ക്രിയാത്മക കൗമാരം കരുത്തും കരുതലും എന്ന പ്രോഗ്രാമിൽ നമ്മുടെ സ്കൂളിലെ ടീച്ചറായ ശ്രീവിദ്യ എസ് പങ്കെടുത്തു ഓരോ ക്ലാസ്സിൽ നിന്നും ടീൻസ് ക്ലബ്ബ് (8) അംഗങ്ങളെ തെരഞ്ഞെടുത്തത് സ്കൂൾ തല ടീൻസ് ക്ലബ്ബ് രൂപീകരിച്ചു. ടീൻസ് ക്ലബ്ബിൻറെ ഉദ്ഘാടനം 10/11/ 2023 വെള്ളിയാഴ്ച പത്തുമണിക്ക് ബ ഹുമാന്യ ഹെഡ്മിസ്ട്രസ്



ശ്രീമതി അനിത ടീച്ചർ നിർവഹിച്ചു 18 12 2013 തിങ്കൾ 2pm ര്രക്ഷകർത്താക്കൾക്ക് വേണ്ടിയുള്ള ബോധവൽക്കരണ ക്ലാസ് നടന്നഓ ആർ സി ഫിസിയോളജിസ്റ്റ് Ashtami V. Devക്ലാസ്സ് നയിച്ചു സ്കൂൾ കൗൺസിലർ എന്തോ രവീന്ദ്രൻ ക്ലാസ് 2 0 12 20023 നയിച്ചു സാങ്കേതികവിദ്യയും അ പകടവും എന്ന വിഷയത്തിൽ സ്കൂൾ എസ് ഐ ടി സി കുടി ആയ ശ്രീമതി ആശ ഭരതൻ ക്ലാസ് നയിച്ചു അധ്യാപികയായ ശ്രീമതി കവിത മാത്യു പൊതുജനാരോഗ്യം എന്ന വിഷയത്തിൽ ക്ലാസ്സയിച്ചു ലഹരി വിരുദ്ധ ക്ലാസ് excise പ്രിവന്റ്റീവ് ഓഫീസർ ശ്രീ പ്രവീൺ നടത്തി

## സ്കൗട്ട് ആൻഡ് ഗൈഡ്സ്

എല്ലാ വെള്ളിയാഴ്ചയും കമ്പനിയും മീറ്റിംഗ് കൂടുകയും ക്ലാസുകൾ നടത്തുകയും വിവിധ പരിശീലനങ്ങൾ നൽകി വരികയും ചെയ്യുന്നു. സെപ്റ്റംബറിൽ നടന്ന ദ്വിതിയ സോപാൻ ക്യാമ്പിൽ നമ്മുടെ കുട്ടികളും ഗൈഡ്സ് അധ്യാപകരും പങ്കെടുത്തു. ജില്ലാതല തൃതിയ സോപാൻ ക്യാമ്പിലും ജോടൊ ക്യാമ്പിലും ന മ്മുടെ കുട്ടികൾ പങ്കെടുക്കുകയും ചെയ്തു. ജനുവരിയിൽ നടന്ന രാജ്യ പുരസ്കാർ പരീക്ഷയിലും ക്യാമ്പിലും നമ്മുടെ സ്കൂളിലെ 15 കുട്ടികൾ പങ്കെടുത്തു.



## ലിറ്റിൽ കൈറ്റ്സ്

കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗത്തെ ഏറ്റവും വലിയ IT കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ് 2017 മുതൽ. നമ്മുടെ സ്കൂളിൽ പ്രവർത്തിക്കുന്നു. 8-ാം ക്ലാസ്സിൽ പ്രവേശന പരീക്ഷയിലൂടെ തെരഞ്ഞെടുക്കുന്ന 30 കുട്ടികൾക്ക് Animation , graphics, Robotics, Programming, electronics മേഖലകളിൽ പരിശീലനം നൽകുന്നു. ഈ വർഷം സബ് ജില്ല IT മേളയിൽ Animation, Malayalam typing Programming, digital Painting, Multimedia Presentation എന്നിവയിൽ പങ്കെടുത്ത് നമ്മൾ overall മൂന്നാം സ്ഥാനം നേടി. 9-ാം ക്ലാസിലെ പ്രവദ പി എൽ മാർട്ടി മീഡിയ പ്രസന്റേഷനിൽ ജില്ലാതലത്തിൽ രണ്ടാം സ്ഥാനവും സംസ്ഥാനതലത്തിൽ ബി ഗ്രേഡും കരസ്ഥമാക്കി



## ജെ ആർ സി

കഴിഞ്ഞ 13 വർഷമായി നമ്മുടെ സ്കൂളിൽ വളരെ മികവോടെ ജെ ആർ സി യൂണിറ്റ് പ്രവർത്തനം നടത്തിവരുന്നു . 8, 9, 10 ക്ലാസുകളിൽ പഠിക്കുന്ന കുട്ടിക ൾക്ക് ഗ്രേസ് മാർക്ക് എന്നതിലുപരിയായി ലഹരി വിരുദ്ധ ക്ലാസ്സുകൾ, ഹെൽത്ത് ആൻഡ് ഹൈജീൻ ക്ലാസുകൾ എന്നിവ നടത്തുന്നു. മെയ് 7ന് മാവേലിക്കര റെസിഡൻറ്സ് അസോസിയേഷനുമായി ചേർന്ന് അഹല്യ Eye hospital, Preethi Clinic എന്നിവിടങ്ങളിൽ ഡോക്ടർമാരെയും ചേർന്ന് ഒരു സൗജന്യ മെഡിക്കൽ ക്യാമ്പ്നടത്തി



## SEED CLUB



2018 മുതൽ മാതൃഭൂമി സീഡ് ക്ലബ്ബിൻ്റ പ്രവർത്തനം നമ്മുടെ സ്കൂളിൽ മികവോടെ നടത്തിവരുന്നു. കഴിഞ്ഞ രണ്ടു വർഷമായി ഹരിത ജ്യോതി പുരസ്കാരം നമുക്ക് ലഭിച്ചു കൊണ്ടിരിക്കുന്നു ACCOCKവിശപ്പു രഹിത ഭക്ഷണ അലമാരിയിൽ നാലു വെള്ളിയാഴ്ചകളിൽ 40 ഓളം ഭക്ഷണപ്പൊതികൾ ഓരോ ദിവസവും സീഡ് ക്ലബ്ബിലെ കുട്ടികൾ വയ്ക്കുകയുണ്ടായി നമ്മുടെ സ്കൂളിലെ കുട്ടികൾ സന്നദ്ധ സേവനത്തിന് ACCOCK-ൻ്റെ ഒരു മൊമെൻ്റോ സമ്മാനിക്കുകയുണ്ടായി VSM ഹോസ്പിറ്റലുമായി ചേർന്ന് സീഡ് ക്ലബ് 'സസ്നേഹം'എന്ന പേരിൽ ഒരു കൗൺസിലിംഗ് ക്ലാസ് നടത്തുകയുണ്ടായി. VSM-ൻ്റെ MD വെന്നിയിൽ Dr. പ്രശാന്ത് പരിപാടി ഉദ്ഘാടനം ചെയ്തു. വാർഡ് കൗൺസിലർ ശ്രീമതി ലളിതാ രവീന്ദ്രനാഥ് അധ്യക്ഷയായിരുന്നു. ഈ പരിപാടിയിൽ പ്രശസ്ത ക്ലിനിക്കൽ സൈക്കോളജിസ്റ്റായ Dr. സിന്ധു വളരെ interactive ആയ ഒരു കൗൺസിലിങ് ക്ലാസ് തെരഞ്ഞെടുത്ത 40 കുട്ടികൾക്ക് നൽകി. ഉച്ചയ്ക്കത്തെ session-ൽ ആവശ്യമെന്നു തോന്നിയ രക്ഷകർത്താക്കൾക്ക് പ്രത്യേക കൗൺസിലിങ് നൽകി

## Frabjous Maths Club

ഈ വർഷത്തെ ക്ലബ്ബ് ഉദ്ഘാടനം ആഗസ്റ്റ് 9 ന് ബഹുമാനപ്പെട്ട ഹെഡ്മിസ്ട്രസ് നിർവ്വഹിച്ചു. കുട്ടികളുടെ ഗണിത പരിപാടികൾ ഉണ്ടായിരുന്നു ഗണിതശാസ്ത്രമേളയിൽ പങ്കെടുക്കേണ്ട കുട്ടികളെ തെരഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ട് സ്കൂൾ തല ഗണിത മേള നടത്തി.തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് ആവശ്യമായ പരിശീലനം നൽകി ഉപജില്ല ഗണിതശാസ്ത്രമേളയിൽ മാവേലിക്കര ഉപജില്ലയിലെ 91 LP, UP, HS, HSS സ്ക്കൂളുകളിൽ ഓവറോൾ ഒന്നാം സ്ഥാനം നമ്മൾ നേടി. HS വിഭാഗം മാത്രം പരിഗണിക്കുമ്പോഴും നമ്മൾ ഓവറോൾ ഫസ്റ്റാണ് . Up വിഭാഗത്തിൽ മൂന്നാം സ്ഥാനവും നേടി. HSവിഭാഗത്തിൽ പങ്കെടുത്ത 12 ഇനങ്ങളിൽ 11 എണ്ണത്തിനും ജില്ലാ മേഖലയിൽ പങ്കെടുക്കുന്നതിനുള്ള യോഗ്യത നേടി.തുടർന്ന് ഇവർ ജില്ലാ മേളയിൽ പങ്കെടുത്തു.അതിൽ ആലപ്പുഴ ജില്ലയിൽ ഓവറോൾ രണ്ടാം സ്ഥാനവും ആലപ്പുഴ ജില്ലയിൽ സർക്കാർ സ്കൂളുകളിൽ ഓവറോൾ ഒന്നാം സ്ഥാനവും നേടി. നാലുപേർ സംസ്ഥാന മേളയിൽ പങ്കെടുക്കുന്നതിനുള്ള യോഗ്യതയും കരസ്ഥമാക്കി ഇവരെ മൂന്നുപേർ തിരുവനന്തപുരം വെച്ചു നടന്ന സംസ്ഥാന ശാസ്ത്രമേളയിൽ (HS വിഭാഗം)പങ്കെടുത്ത് എ ഗ്രേഡ് നേടി.(1)ആവണി കുറുപ്പ് 10C (2) അനുശ്രീ. എ 10C(3)രാജ്യശ്രീ എൻ 10C.നാലാമത്തെ ഇനം രാമാനുജ പേപ്പർ പ്രസൻ്റേഷൻ മത്സരമാണ്. ആ മത്സരം ഇതുവരെ നടന്നിട്ടില്ല അറിയിപ്പ് കിട്ടുമ്പോൾ കുട്ടിയെ പങ്കെടുപ്പിക്കുന്നതാണ്. കേരളത്തിലെ 208 സ്കൂളുകൾ പങ്കെടുത്ത സംസ്ഥാന



ഗണിത ശാസ്ത്രമേളയിൽ HS വിഭാഗത്തിലെ മാവേലിക്കര ഗവ: ഗേൾസ് HSS 23-ാം സ്ഥാനം നേടുകയുണ്ടായി കേരളത്തിലെ 113 ഉപജില്ലയിൽ മാവേലിക്കര ഉപജില്ലയെ 45 ആം സ്ഥാനത്ത് എത്തിച്ച മാവേലിക്കരയിലെ ഏക വിദ്യാലയം ആണ് നമ്മുടെ എന്ന് പറയുന്നതിൽ വളരെ അഭിമാനമുണ്ട്

## SPC

സംസ്ഥാന ആഭ്യന്തരവകുപ്പും വിദ്യാഭ്യാസ വകുപ്പും ചേർന്ന് രൂപം കൊടുക്കുന്ന പദ്ധതിയായിസംസ്ഥാന ആഭ്യന്തരവകുപ്പും വിദ്യാഭ്യാസ വകുപ്പും ചേർന്ന് രൂപം കൊടുക്കുന്ന പദ്ധതിയായി SPC. HS-HSSവിഭാഗത്തിൽ 2016 മുതൽ പ്രവർത്തിച്ചുവരുന്ന മുതൽ പ്രവർത്തിച്ചുവരുന്ന ബുധനാഴ്ചകളിൽ വൈകുന്നേരം ശനിയാഴ്ചകളിൽ 7 30 AMമുതൽ 12 30PMവരെയും കായിക പരിശീലനം പരേഡ് എന്നിവവരെയും കായിക പരിശീലനം പരേഡ് എന്നിവ നടത്തുന്നു ഓണം അവധിക്കാല ക്യാമ്പ് എന്നിവ നടത്തുന്നു കുട്ടികൾക്ക് റോഡ് സുരക്ഷ ക്ലാസുകളും നിയമസാക്ഷരതാ ക്ലാസുകളും നടത്തിവരുന്നു ജനുവരി ഒന്നിന് ചെങ്ങന്നൂർ സബ് ഡിവിഷനിലെ സ്കൂളുകളെ പങ്കെടുപ്പിച്ചുകൊണ്ട് ഭക്ഷ്യമേള സംഘടിപ്പിച്ചു




# ചെമ്പകം അന്നും ഇന്നും







# സ്കൂൾ ചരിത്രം




പെൺകുട്ടികളുടെ വിദ്യാഭ്യാസം കാര്യക്ഷമമാക്കുന്നതിനായിതിരുവിതാംകൂർ മഹാരാജാവായിരുന്ന ശ്രീ മൂലം തിരുനാൾ രാമവർമ്മ മഹാരാജാവാണ് 1896 ൽ ഈ വിദ്യാലയം സ്ഥാപിച്ചത് . 1946 ശ്രീ ചിത്തിര തിരുനാൾ ബാലരാമവർമ്മ മഹാരാജാവാൽ ഹൈസ്കൂളായും 1998 ൽ ഹയർ സെക്കന്ററിസ്കൂളായും ഉയർത്തി.ആദ്യത്തെ പ്രധാനഅദ്ധ്യാപിക ശ്രീമതി മാധവിക്കുട്ടിയമ്മ ആയിരുന്നു.മാവേലിക്കരയുടെ സാംസ്കാരിക നായകനായ ഏ.ആർ. രാജരാജവർമ്മ യോടുള്ള ആദരസൂചകമായി 1993ൽ ഈ സ്കൂളിന് ഏ. ആർ. രാജരാജവർമ്മ മെമ്മോറിയൽ ഗവൺമെൻറ് ഹൈസ്കൂൾ എന്ന് നാമകരണം ചെയ്തു.



ഈ വിദ്യാലയത്തിന്റെ ഭരണം നടത്തുന്നത് കേരള സർക്കാരാണ്.എം.എൽ.എ.ഫണ്ട്,തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായം എന്നിവയാൽ നിരവധി പ്രവർത്തനങ്ങൾ നടന്നു വരുന്നു.നാളിതുവരെയുള്ള എല്ലാ അദ്ധ്യാപക രക്ഷകർത്തൃ സമിതികളും സ്കൂളിന്റെ വികസനത്തിനും,അക്കാദമിക മുന്നേറ്റത്തിനും നൽകിവരുന്ന പിൻതുണയാണ് ഈ സ്ഥാപനത്തിന്റെ വിജയത്തിനടിസ്ഥാനം.മാവേലിക്കര എം.എൽ.എ ശ്രീ. രാജേഷിന്റെ വികസന ഫണ്ടിൽ നിന്ന് നിർമ്മിക്കുന്ന 5 കോടിയുടെ കെട്ടിട സമുച്ചയങ്ങൾ ഈ സ്ക്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയ ർത്തുന്നു. നിലവിൽ ഹൈസ്കൂൾ വിഭാഗത്തിന്റെ ഹെഡ് മിസ്ട്രസ്സ് ശ്രീമതി അനിതയും ഹയർ സെക്കണ്ടറി വിഭാഗത്തിന്റെ പ്രിൻസിപ്പൾ ശ്രീ ജി മുകുന്ദൻ നായരും ആണ്.



ഐ.എ.എസ്സ് ഓഫീസർമാരായ ശ്രീമതി ഷീല തോമസ്സ് , ശ്രീമതി സിജി തോമസ്സ് എന്നിവർ ഈസ്കൂളിലെ പൂർവ്വ വിദ്യാർത്ഥിനികളാണ്. എ.ഡി.പി.ഐ ആയ ശ്രീമതി സ്നേഹലത ഇവിടുത്തെപൂർവ്വ വിദ്യാർത്ഥിനിയാണ്.മലയാള സിനിമാ നാടകരംഗങ്ങളിലെ സജീവസാന്നിദ്ധ്യമായിരുന്ന ശ്രീമതി മാവേലിക്കര പൊന്നമ്മ ഇവിടുത്തെ അദ്ധ്യാപികയായിരുന്നു

ആർക്കെങ്കിലുമൊക്കെ ഒരു തരി പ്രകാശം നൽകാൻ ഈ കൈത്തിരിക്ക് കഴിഞ്ഞു എന്നു കരുതിക്കൊണ്ട് ഞങ്ങൾ ഇവിടെ നിർത്തുന്നു

നന്ദി



